(ഡി) മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി സി. കെ. ജാനു തുടങ്ങിയവർ സമർപ്പിച്ച കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ഈ കേസിൽ വിധി വന്ന ശേഷം ജോഗിയുടെ കുടുംബത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

ആദിവാസി നാടൻ കലാമേളയിൽ പങ്കെടുത്ത കലാകാരൻമാർക്കുള്ള പ്രതിഫലം

121 [880] ശ്രീ. സി. പി. മുഹമ്മദ് :
„ കെ. സി. ജോസഫ് :
„ എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഡിസംബറിൽ തിരുവനന്തപുരത്ത് വച്ച് ആദിവാസി നാടൻ കലാമേള നടത്തുകയുണ്ടായോ ;

(ബി) പ്രസ്തുത കലാമേളയിൽ എത്ര ആദിവാസികൾ പങ്കെടുത്തു ;

(സി) ഈ കലാകാരൻമാർക്ക് ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമായ പ്രതിഫലം എത്ര വീതമായിരുന്നു ;

(ഡി) കേരള പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട മറ്റു കലാപരിപാടികളിൽ പങ്കെടുത്തവർക്ക് നൽകിയ ഏറ്റവും കൂടിയതും കുറഞ്ഞതുമായ പ്രതിഫലം എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടത്തുകയുണ്ടായി.

(ബി) ആകെ 123 ആദിവാസികൾ.

(സി) ഈ കലാകാരൻമാർക്ക് എല്ലാ ടീമിനും 3000 (മൂവായിരം) രൂപ മാത്രം ഹോണറേറിയവും യഥാർത്ഥ ബസ് ചാർജും താമസ സൗകര്യവും കൂടാതെ 50 രൂപാ വീതം ഭക്ഷണത്തിനും നൽകിയിട്ടുണ്ട്.

(ഡി) നാടൻ കലാമേളയിൽത്തന്നെ 11 ടീമായി 112 പട്ടികജാതിക്കാർ പങ്കെടുത്തിട്ടുണ്ട്. ഇവർക്ക് കൊടുത്ത തുകയും മേൽപ്പറഞ്ഞ നിരക്കിൽ തന്നെയാണ്.

കുന്ദമംഗലം ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കാൻ നടപടി

122 [881] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് നിലവിലുള്ള ട്രൈബൽ ഹോസ്റ്റൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഹോസ്റ്റലിന് സ്വന്തമായി കെട്ടിടമുണ്ടാക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഈ കെട്ടിട നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം എവിടെയാണ് എന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവർത്തി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണനയിലുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം റസ്റ്റ് ഹൗസിന് സമീപം കുന്ദമംഗലം വില്ലേജിൽ 390/5-എ2 എന്ന സർവ്വേ നമ്പരിലുള്ള പൊതുമരാമത്ത് വക ഭൂമിയിൽ ഒരു ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ നടപടികൾ ആരംഭിക്കുന്നതാണ്.

ചീമേനിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അനുവദിക്കാൻ നടപടി

123 [882] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ചീമേനിയിൽ ആൺകുട്ടികൾക്കായി ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഹോസ്റ്റൽ ആരംഭിക്കുന്നതിനാവശ്യമായ ചെലവുകൾ സംബന്ധിച്ച വിശദവിവരവും, കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മേൽനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly